(ഇ) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) താരതമ്യേന വിപണനം കുറഞ്ഞ, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ റേഷനരിയുടെ സ്റ്റോക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ സ്റ്റോക്കിലേയ്ക്ക് മാറ്റാൻ അനുവാദം നൽകുക, കമ്മീഷൻ വർദ്ധിപ്പിച്ചു നൽകുക, സർക്കാർ സബ്സിഡി വർദ്ധിപ്പിക്കുക എന്നിവയായിരുന്നു റേഷൻ വ്യാപാരികളുടെ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ.

(സി) കേന്ദ്രം 1.4.2000-മുതൽ റേഷനരിയുടെയും ഗോതമ്പിന്റെയും വില വർദ്ധിപ്പിക്കുകയും അതിനെത്തുടർന്ന് റേഷൻ അരി വാങ്ങുന്നത് ആകർഷകമല്ലാതെ വരികയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ റേഷൻ വിപണനത്തിൽ സാരമായ ഇടിവ് ഉണ്ടാകുകയും ചെയ്തതാണ് ഈ സ്ഥിതി വിശേഷത്തിന് കാരണം.

(ഡി) 11.6.2000 മുതൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുടെ സബ്സിഡി ആനുകൂല്യം ഒരു കിലോ അരിയ്ക്ക് ഒരു രൂപ എന്നത് രണ്ടു രൂപയായി സംസ്ഥാന സർക്കാർ ഉയർത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച വില കുറയ്ക്കണമെന്ന് കേന്ദ്രസർക്കാരിനെ പല പ്രാവശ്യവും രേഖാമൂലവും മുഖ്യമന്ത്രിയുൾപ്പെടെയുള്ള സർവ്വകക്ഷി നിവേദകസംഘം മുഖേനയും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) കേന്ദ്രം അത് സ്വീകരിച്ചിട്ടില്ല.

റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ

116 (773) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

1999-ലെ കേരളാ റേഷൻ വ്യാപാരി ക്ഷേമനിധി നിയമപ്രകാരം സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി സർക്കാർ ഒരു ക്ഷേമനിധി പദ്ധതി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിൻപ്രകാരം റേഷൻ വ്യാപാരികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

117 (775) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആറൻമുള നിയോജക മണ്ഡലത്തിൽ അയിരൂർ പഞ്ചായത്തിൽ മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) അയിരൂരിലെ മൃഗാശുപത്രി കെട്ടിടം പണി 2000-2001 വർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പഞ്ചായത്തിന്റെ നിർദ്ദേശം ലഭിച്ചാൽ സ്വീകരിക്കുന്നതാണ്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ മേൽ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്തിന്റെ തീരുമാനവും കെട്ടിടത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും സ്ഥല ലഭ്യതയെക്കുറിച്ചുള്ള വിവരവും ലഭ്യമാക്കുവാൻ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പഞ്ചായത്തിന്റെ നിർദ്ദേശം ആവശ്യപ്പെട്ട രേഖകൾ സഹിതം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം പണിയ്ക്ക് ആവശ്യമായ ധനസഹായം (പരമാവധി 5 ലക്ഷം രൂപ) അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

കെ.റ്റി.ഡി.സി.യിലെ നിയമനങ്ങൾ

118 (776) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ ഏതെല്ലാം തസ്തികളിലേക്കാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നത്;

(ബി) 2000 ഏപ്രിൽ മാസത്തിൽ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിലെ ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ കോർപ്പറേഷനിൽ മെയിന്റനൻസ് എഞ്ചിനീയർമാരുടെ നിയമനത്തിന് വേണ്ട യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കുമോ;

(ഡി) ഈ നിയമനങ്ങൾ പി.എസ്.സി. വഴിയാണോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാണോ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) പി.എസ്.സി. വഴി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമനം നടത്താവൂ എന്ന നിബന്ധന പാലിച്ചിട്ടുണ്ടോ;

(എഫ്) അനധികൃതമായി നിയമനം നടത്താൻ നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടെങ്കിൽ അത് പിൻവലിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കെ.റ്റി.ഡി.സി.യിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന തസ്തികകൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly